## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1043: 11.7.2011 ന് മറുപടിയ്ക്ക്

### ചാത്തന്നൂർ ഗവ. ഐ.ടി.ഐ.

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചാത്തന്നൂർ ഗവ. ഐ.ടി.ഐ. യിൽ നിലവിലുണ്ടായിരുന്ന ട്രേഡുകൾ ഏതൊക്കെയാണെന്നും പ്രസ്തുത ട്രേഡുകളിൽ എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകാൻ കഴിയുമായിരുന്നെന്നും വ്യക്തമാക്കുമോ; | (എ) പെയിന്റർ ജനറൽ, ഡ്രസ്മേക്കിംഗ്, അപ്ഹോൾസ്റ്റർ എന്നീ ട്രേഡുകളുടെ ഓരോയുണിറ്റും, ഇലക്ട്രീഷ്യൻ ട്രേഡിന്റെ രണ്ടു യൂണിറ്റുമാണ് നിലവിൽ ഉണ്ടായിരുന്നത്. ഇതിലെല്ലാംകൂടി 105 പേർക്ക് അഡ്മിഷൻ നൽകാൻ കഴിയുമായിരുന്നു. |
| (ബി) പുതുതായി ആരംഭിച്ച ട്രേഡുകളും അതിൽ പ്രവേശിപ്പിക്കുവാൻ കഴിയുന്ന കുട്ടികളുടെ എണ്ണവും വ്യക്തമാക്കുമോ; | (ബി) ഒരു യൂണിറ്റ് അപ്ഹോൾസ്റ്റർ ട്രേഡ് നിർത്തലാക്കി പകരം ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് അനുവദിക്കുകയുണ്ടായി. എന്നാൽ ടി ട്രേഡ് ആരംഭിച്ചിട്ടില്ല. ഈ ട്രേഡിൽ 21 കുട്ടികൾക്കാകും ട്രെയിനിംഗിന് അവസരം ലഭിക്കുക. |
| (സി) വർക്ക്ഷോപ്പ് കെട്ടിടം നിലവിലുള്ളപ്പോൾ പുതിയ അക്കാഡമിക് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിയുകയും ചെയ്യുന്ന സാഹചര്യത്തിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വേയർ, ഫിറ്റർ, വെൽഡർ (ഗ്യാസ് ആന്റ് ഇലക്ട്രിക്), മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ നാലു പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഡവലപ്മെന്റ് പ്ലാൻ അംഗീകരിക്കുകയും ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും 250 ലക്ഷം രൂപ പലിശരഹിത വായ്പയായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ